REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 30-03-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് മഹാരാഷ്ട്രയും ഛത്തീസ്ഗഢും സന്ദർശിക്കും.**
- **കുട്ടികളിലെയും, യുവാക്കളിലെയും ലഹരി ഉപയോഗവും ആക്രമണ സ്വഭാവവും ചർച്ച ചെയ്യാൻ മുഖ്യമന്ത്രി വിളിച്ച യോഗം രാവിലെ തിരുവനന്തപുരത്ത്.**
- **മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ ഇന്ന് സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾ മാലിന്യമുക്തമായി പ്രഖ്യാപിക്കും.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ചിന്തകൾ പങ്കുവെയ്ക്കുന്ന പ്രതിമാസ മൻ കി ബാത് രാവിലെ 11-ന് ആകാശവാണിയിലും ദൂരദർശനിലും.**
- **ISL ഫൂട്ബോൾ പ്ലേഓഫ് ചരിത്രത്തിലെ ഏറ്റവും വലിയ വിജയം നേടി ബംഗളുരു FC സെമിഫൈനലിൽ.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് മഹാരാഷ്ട്രയും ഛത്തീസ്ഗഢും സന്ദർശിക്കും. നാഗ്പൂരിൽ രാവിലെ RSS സ്ഥാപകരായ ഗുരുജി ഡോ. കേശവ് ഹെഡ്ഗെവാറിന്റെയും, മാധവറാവു ഗോൾവാൾക്കറുടെയും സ്മൃതിമന്ദിരത്തിൽ അദ്ദേഹം സ്മരണാഞ്ജലിയർപ്പിക്കും. RSS മേധാവി മോഹൻ ഭാഗവതുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തിയേക്കും.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്)....

ഡോ. BR അംബേദ്കറുടെ സ്മൃതികുടീരമായ ദീക്ഷാഭൂമിയിലും പ്രധാനമന്ത്രി ആദരമർപ്പിക്കും. നാഗ്പൂരിലെ മാധവ് നേത്രാലയ പ്രീമിയം സെന്ററിന് തറക്കല്ലിട്ട ശേഷം, പൊതുയോഗത്തിലും അദ്ദേഹം പങ്കെടുക്കും.

ഉച്ചകഴിഞ്ഞ് ഛത്തീസ്ഗഡിലെ ബിലാസ്പൂരിൽ 33,700 കോടിയോളം രൂപയുടെ പദ്ധതികൾ പ്രധാനമന്ത്രി നാടിനു സമർപ്പിക്കുകയും ഏതാനും പദ്ധതികൾക്ക് തറക്കല്ലിടുകയും ചെയ്യും. 130 PM ശ്രീ സ്കൂളുകൾ അദ്ദേഹം ഉദ്ഘാടനം ചെയ്യും. പ്രധാൻമന്ത്രി ആവാസ് യോജനയിൽ പൂർത്തീകരിച്ച മൂന്ന് ലക്ഷം വീടുകളുടെ ഗൃഹപ്രവേശന ചടങ്ങിലും പ്രധാനമന്ത്രി പങ്കെടുക്കും.

✪✪✪

ജമ്മു കശ്മീരിൽ ഭീകരരും സേനയും തമ്മിൽ വെടിവെപ്പുണ്ടായ കത്വ ജില്ലയിൽ സുരക്ഷാ സേന തിരച്ചിൽ വ്യാപിപ്പിച്ചു. വീരമൃത്യു വരിച്ച ഒരു സുരക്ഷാ ഉദ്യോഗസ്ഥന്റെയും രണ്ട് ഭീകരൻമാരുടെയും മൃതദേഹങ്ങൾ തിരച്ചിലിൽ കണ്ടെടുത്തു. സംഭവത്തിൽ ഇതുവരെ നാല് സുരക്ഷാ ഉദ്യോഗസ്ഥരാണ് വീരമൃത്യു വരിച്ചത്. അഞ്ച് ഭീകരപ്രവർത്തകരെയും വെടിവെച്ചുകൊന്നു.

പാക്കിസ്ഥാന്റെ ജെയ്ഷ- ഇ- മൊഹമ്മദിന്റെ നിഴൽ ഭീകര സംഘടനയായ പീപ്പിൾസ് ആന്റി ഫാസിസ്റ്റ് ഫ്രണ്ട് സംഭവത്തിൽ പങ്കുണ്ടെന്ന് അവകാശപ്പെട്ടിട്ടുണ്ട്.

✪✪✪

മ്യാൻമറിലെ ഭൂകമ്പ ബാധിതരെ സഹായിക്കുന്ന 'ഓപ്പറേഷൻ ബ്രഹ്മ'യുടെ ഭാഗമായി സാധന സാമഗ്രികളും, ആംബുലൻസുകളും, NDRF സേനാംഗങ്ങളുമായി അഞ്ച് വ്യോമസേനാ വിമാനങ്ങൾ യാങ്കൂണിലും, നെയ്പീടോ-യിലുമെത്തി. നേരത്തെ 15 ടണ്ണോളം ദുരിതാശ്വാസ സാമഗ്രികളുമായി മറ്റൊരു വിമാനവും മ്യാൻമറിലെത്തിയിരുന്നു. ഇന്ത്യൻ സൈന്യത്തിന്റെ പ്രത്യേക മെഡിക്കൽ സംഘവും മ്യാൻമറിലെത്തിയിട്ടുണ്ട്. ഭൂകമ്പത്തിൽ മരണസംഖ്യ 1,600 കവിഞ്ഞു എന്നാണ് മാധ്യമ റിപ്പോർട്ടുകൾ. മൂവായിരത്തിലേറെ പേർക്ക് പരിക്കേറ്റിട്ടുമുണ്ട്.

✪✪✪

കുട്ടികളിലെയും, യുവാക്കളിലെയും വർദ്ധിച്ചുവരുന്ന ലഹരി ഉപഭോഗവും ആക്രമണ സ്വഭാവവും ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച യോഗം രാവിലെ തിരുവനന്തപുരത്ത് ചേരും. നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ രാവിലെ 10 മണിക്കാണ് യോഗം.

ഈ വിഷയങ്ങളിൽ കർമപദ്ധതി തയ്യാറാക്കാൻ വിദഗ്ധരുടെയും വിദ്യാർത്ഥി-യുവജന സംഘടനകളുടെയും സിനിമ-സാംസ്കാരിക-മാധ്യമ

മേഖലകളിലെ സംഘടനകളുടെയും, അധ്യാപക-രക്ഷാകർതൃ സംഘടനകളുടെയും യോഗമാണ് നടക്കുന്നത്.

✪✪✪

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ ഇന്ന് സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾ മാലിന്യമുക്തമായി പ്രഖ്യാപിക്കും. 2024 ഒക്ടോബർ രണ്ടിന് ആരംഭിച്ച് അന്താരാഷ്ട്ര സീറോ വേയ്സ്റ്റ് ദിനമായ ഇന്ന് കേരളത്തെ ഖരമാലിന്യമുക്തമാക്കാൻ ലക്ഷ്യമിട്ടാണ് ക്യാമ്പയിൻ സംഘടിപ്പിച്ചത്.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)...

ഇതിനകം സംസ്ഥാനത്തെ 375 തദ്ദേശ സ്ഥാപനങ്ങൾ മാലിന്യമുക്തമായി പ്രഖ്യാപിച്ചു കഴിഞ്ഞു. ശേഷിക്കുന്ന സ്ഥാപനങ്ങളിൽ ഏപ്രിൽ മൂന്നിനകം പ്രഖ്യാപനം നടത്തും. ഏപ്രിൽ അഞ്ചിനകം മാലിന്യമുക്ത ജില്ലാതല പ്രഖ്യാപനങ്ങളും പൂർത്തിയാക്കും.

സംസ്ഥാനത്തെ 19,119 വാർഡുകളിൽ 16,799 വാർഡുകളിൽ ഇതിനകം ഹരിതപദ്ധതി പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. ഇന്ന് കണ്ണൂർ ജില്ലാതല മാലിന്യമുക്ത പ്രഖ്യാപനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നടത്തും. ഏപ്രിൽ അഞ്ചിന് കോഴിക്കോട് ജില്ലാതല പ്രഖ്യാപനവും, ഏഴിന് മറ്റു ജില്ലകളിലെ പ്രഖ്യാപനവും പൂർത്തിയാക്കാനാണ് തീരുമാനം.

കോഴിക്കോട് കോർപ്പറേഷന്റെ മാലിന്യ മുക്ത പ്രഖ്യാപനം ഇന്നലെ മന്ത്രി P.A മുഹമ്മദ് റിയാസ് നിർവഹിച്ചു. മാതൃകാപരമായ ശുചീകരണ പ്രവർത്തനങ്ങൾ കാഴ്ച വെച്ച അങ്കണവാടികൾ, സ്കൂളുകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് പ്രത്യേക പ്രോത്സാഹന പുരസ്കാരങ്ങളും പ്രഖ്യാപന ചടങ്ങിൽ വിതരണം ചെയ്തു.

✪✪✪

ചെറിയ പെരുന്നാളിനെ വരവേൽക്കാൻ ഒരുങ്ങി ഇസ്‌ലാമിക വിശ്വാസികൾ. റമസാൻ 29 ആയ ഇന്ന് ശവ്വാൽ മാസപ്പിറവി കാണുന്നവർ അറിയിക്കണമെന്ന് ഖാസിമാരായ കാന്തപുരം AP അബൂബക്കർ മുസ്‌ലിയാർ, സയ്യിദ് ഇബ്‌റാഹീം ഖലീൽ അൽ ബുഖാരി, പാണക്കാട് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങൾ, സയ്യിദ് മുഹമ്മദ് ജിഫ്‌രി മുത്തുക്കോയ തങ്ങൾ തുടങ്ങിയവർ ആവശ്യപ്പെട്ടു. ഇന്ന് മാസപ്പിറവി ദൃശ്യമായാൽ നാളെയും അല്ലെങ്കിൽ റമസാൻ 30 പൂർത്തിയാക്കി മറ്റന്നാളുമായിരിക്കും ചെറിയ പെരുന്നാൾ.

സൗദി അറേബ്യയിൽ ഇന്നലെ മാസപ്പിറവി ദൃശ്യമായതിന്റെ അടിസ്ഥാനത്തിൽ ഒമാൻ ഒഴികെ ഗൾഫ് രാജ്യങ്ങളിൽ ഇന്നാണ് ചെറിയ പെരുന്നാൾ. ഒമാനിൽ റമസാൻ 30 പൂർത്തീകരിച്ച് നാളെ ചെറിയ പെരുന്നാൾ ആഘോഷിക്കും.

✪✪✪

മാസപ്പിറവിയുടെ അടിസ്ഥാനത്തിൽ ഈദുൽ ഫിതർ സംബന്ധിച്ച തീരുമാനമെടുക്കാൻ വൈകിട്ട് തിരുവനന്തപുരം പാളയം ജുമാ മസ്ജിദിൽ ഇമാം മാരുടെ യോഗം ചേരും. പെരുന്നാൾ ദിവസം രാവിലെ പാളയം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ഈദ്ഗാഹ് ഒരുക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ചിന്തകൾ പങ്കുവെയ്ക്കുന്ന പ്രതിമാസ മൻ കി ബാത് രാവിലെ 11-ന് ആകാശവാണിയിലും ദൂരദർശനിലും കേൾക്കാം. മൻ കി ബാതിന്റെ 120-ാം പതിപ്പാണിത്. ആകാശവാണി-ദൂരദർശൻ ശൃംഖലയ്ക്കു പുറമെ AIR NEWS വെബ്സൈറ്റ്, News on AIR മൊബൈൽ ആപ്പ് എന്നിവയിലും AIR NEWS, DD NEWS, പ്രധാനമന്ത്രിയുടെ ഓഫീസ്, വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം എന്നിവയുടെ യു ട്യൂബ് ചാനലുകളിലും പരിപാടി തത്സമയം കേൾക്കാം. പ്രധാനമന്ത്രിയുടെ പ്രഭാഷണത്തിനു ശേഷം പ്രാദേശിക ഭാഷാ പ്രക്ഷേപണവും ഉണ്ടായിരിക്കും.

✪✪✪

ഗോത്ര ജനവിഭാഗങ്ങൾ തനിമ നിലനിർത്തി മുന്നോട്ട് പോകണമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ പറഞ്ഞു കോഴിക്കോട് കിർത്താഡ്സ് സംഘടിപ്പിച്ച നെർഢി ദേശീയ ഗോത്ര സാഹിത്യോത്സവത്തിന്റെ സമാപന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രകൃതി നിയമങ്ങൾ അനുസരിച്ച് ജീവിക്കുന്ന ഗോത്രജനതയ്ക്ക് പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാൻ കഴിയുന്നുണ്ട്. ഗോത്രവിഭാഗത്തിന്റെ അനുഷ്ഠാനങ്ങളും കലാരുപങ്ങളും പ്രകൃതിയുമായി ബന്ധപ്പെട്ടതാണെന്നും, അവരുടെ കഴിവുകൾ അംഗീകരിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു. ചടങ്ങിൽ ഇരുള ഭാഷാ ചിത്രം കേന്ദ്രസഹമന്ത്രി പ്രകാശനം ചെയ്തു.

✪✪✪

അൻപോടെ തൃത്താലയിലൂടെ വലിയ ജനകീയ ആരോഗ്യ പ്രസ്ഥാനത്തിന് രൂപം നൽകാനാണ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. തൃത്താല പോലൊരു ഗ്രാമീണ മേഖലയിൽ വിദഗ്ധ ചികിത്സക്കും ആരോഗ്യ പരിചരണത്തിനും മതിയായ സൗകര്യങ്ങൾ ഒരുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് ആലോചനാ യോഗത്തിൽ മന്ത്രി പറഞ്ഞു.

✪✪✪

ഇടുക്കി ജില്ലയിലെ ആദ്യ വായനശാല ഇന്ന് 110 വയസ്സിന്റെ നിറവിൽ. ദേവികുളത്തെ ശ്രീമൂലം ക്ലബ്ബ് ആൻഡ് ലൈബ്രറിയാണ് ഒരു നൂറ്റാണ്ടിലധികമായി അക്ഷര വെളിച്ചമായി നിലകൊള്ളുന്നത്.

ഇടുക്കി പ്രതിനിധി രതീഷ് കൃഷ്ണന്റെ റിപ്പോർട്ട്.

....(വോയ്സ്)......

✪✪✪

ISL ഫുട്ബോൾ പ്ലേഓഫ് ചരിത്രത്തിലെ ഏറ്റവും വലിയ വിജയം നേടി ബംഗളുരു FC സെമിഫൈനലിൽ പ്രവേശിച്ചു. ബംഗളുരുവിൽ, മുംബൈ സിറ്റി FC യെ എതിരില്ലാത്ത അഞ്ച് ഗോളിനാണ് അവർ തോൽപ്പിച്ചത്.

ഇന്ന് രണ്ടാം പ്ലേ ഓഫിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, ജംഷഡ്പൂർ FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ഷില്ലോങ്ങിലാണ് മത്സരം.

✪✪✪

ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസിന് ജയം. അഹമ്മദാബാദിൽ മുംബൈ ഇന്ത്യൻസിനെ 36 റൺസിനാണ് അവർ തോല്പിച്ചത്.

ഇന്ന് വിശാഖപട്ടണത്ത് വൈകിട്ട് മൂന്നരയ്ക്ക് ഡൽഹി ക്യാപിറ്റൽസ്, സൺറൈസേഴ്സ് ഹൈദരാബാദിനെയും, ഗോഹട്ടിയിൽ വൈകിട്ട് ഏഴരയ്ക്ക് രാജസ്ഥാൻ റോയൽസ് ചെന്നൈ സൂപ്പർ കിംഗ്സിനെയും നേരിടും.

✪✪✪

തിരുവനന്തപുരത്ത് ഭരത് മുരളി നാടകോത്സവത്തിന്റെ നാലാം ദിവസമായ ഇന്ന് രണ്ട് നാടകങ്ങൾ അരങ്ങിലെത്തും വൈകിട്ട് അഞ്ചിന് നാഷണൽ ഇന്റർ യൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവലിൽ ഒന്നാംസ്ഥാനം നേടിയ നാടകം 'അഭയ' പ്രേക്ഷകർക്ക് മുന്നിലെത്തും. കേരള സർവകലാശാല വിദ്യാർത്ഥികൾ ആണ് നാടകം അവതരിപ്പിക്കുന്നത്. ഏഴു മണിക്ക് കേരള സംഗീത നാടക അക്കാദമി അമച്വർ നാടക മത്സരത്തിൽ മികച്ച രണ്ടാമത്തെ നാടകമായ 'പൊറാട്ട് ' അവതരിപ്പിക്കും.

✪✪✪

ആദർശമയ ജീവിതത്തിന്റെ മാതൃകയായിരുന്നു അഹല്യാശങ്കറിന്റേതെന്ന് മുതിർന്ന RSS പ്രചാരകൻ S.സേതുമാധവൻ പറഞ്ഞു. കോഴിക്കോട്ട് അഹല്യാശങ്കർ അനുസ്മരണ യോഗത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. പ്രതികൂല സാഹചര്യങ്ങളിലും നേതാവായി പ്രവർത്തിച്ച മാതൃകയാണ് അഹല്യാശങ്കറുടേതെന്ന് BJP മുൻ സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രനും പറഞ്ഞു.

✪✪✪

തെക്കൻ കുരിശുമല തീർത്ഥാടനത്തിന് ഇന്ന് തിരുവനന്തപുരത്ത് കൊടിയേറും. ഉച്ചയ്ക്ക് വെള്ളറടയിൽ നിന്ന് കുരിശിന്റെ വഴി ആരംഭിക്കും. വൈകിട്ട് നെയ്യാറ്റിൻകര രൂപതാ ബിഷപ് വിൻസന്റ് സാമുവൽ പതാക ഉയർത്തും. തുടർന്ന് സമ്മേളനം മന്ത്രി G.R അനിൽ ഉദ്ഘാടനം ചെയ്യും.

✪✪✪

ആലപ്പുഴ പുന്നപ്ര അറവുകാട് ക്ഷേത്രത്തിലെ ഉത്സവാരംഭത്തിന്റെ പ്രധാന ചടങ്ങായ കണ്ണാടിബിംബം എഴുന്നള്ളിപ്പ് അല്പസമയത്തിനകം മൂലക്ഷേത്രമായ കോമർത്തുശേരി കൊട്ടാരത്തിൽ നിന്നാരംഭിക്കും. തുടർന്ന് രാവിലെ തൃക്കൊടിയേറ്റ് നടത്തും.

✪✪✪

മുണ്ടക്കൈ- ചൂരൽമല പുനരധിവാസ ടൗൺഷിപ്പിലേക്ക് 402 ഗുണഭോക്താക്കളിൽ 358 പേർ ഇതുവരെ സമ്മതപത്രം നൽകി. 264 പേർ വീടിനായും, 94 പേർ സാമ്പത്തിക സഹായത്തിനുമാണ് സമ്മത പത്രം നൽകിയത്.

✪✪✪

2026 ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് രാഷ്ട്രീയ കക്ഷി പ്രതിനിധികളുടെ യോഗം ചേർന്നു. വെള്ളിയാഴ്ച വരെ ലഭിച്ച കണക്കനുസരിച്ച് കേരളത്തിലെ വോട്ടർമാരുടെ എണ്ണം രണ്ട് കോടി 78 ലക്ഷത്തി 8,252 ആണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

✪✪✪

---

*News Reader: അനിൽ ചന്ദ്രൻ*
*News Team: നിമിഷ ജി, ശ്രീജി*
*DEO: ഷീബ*